# മഹാത്മാഗാന്ധി സർവ്വകലാശാല

നമ്പർ:25813/AC A1-3/2022/ACAD 02.03.2022

പ്രിയദർശിനി ഹിൽസ്

## പരിപത്രം

വിഷയം : ആസാദി കാ അമൃത് മഹോത്സവ് - **ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം (51എ) - മൗലിക കർത്തവ്യങ്ങൾ** - വിദ്യാർത്ഥികൾക്കിടയിൽ പ്രാദേശിക ഭാഷയിൽ പ്രചാരണം നടത്തുന്നത് സംബന്ധിച്ച്:-

സൂചന :1. ഉന്നത വിദ്യാഭ്യാസ(കെ) വകുപ്പിൽ നിന്നുള്ള സർക്കുലർ നമ്പർ: കെ3/68/2021/ഉ.വി.വ തീയതി: 14.02.2022

ആസാദി കാ അമൃത് മഹോത്സവ് -ന്റെ ഭാഗമായി **ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം (51എ) - 'മൗലിക കർത്തവ്യങ്ങൾ'-** ടെ മലയാളഭാഷയിലുള്ള പരിഭാഷ വിദ്യാർത്ഥികൾക്കിടയിൽ പ്രചാരണം നടത്തുന്നതിലേക്കായി ഇതോടൊപ്പം ചേർക്കുന്നു.

ഉള്ളടക്കം: "ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം (51A) - മൗലിക കർത്തവ്യങ്ങൾ" -ടെ മലയാള പരിഭാഷ

കാഞ്ചന എൻ നായർ
അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ് :

1. അഫിലിയേറ്റഡ് കോളേജുകൾ / പഠനവകുപ്പുകൾ
2. വി.സി /പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
4. എ ആർ / ഡി ആർ / ജെ ആർ (അക്കാദമിക്)
5. ഐ.ക്യൂ .എ.സി/എ.സി.സി.1/ എ.സി.സി.2/ റെക്കോർഡ്സ് സെക്ഷൻ
6. പി.ആർ.ഒ സെക്ഷൻ /കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 25813/AC A1-3/2022/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 02-Mar-2022 11:41 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

# ഇൻഡ്യൻ ഭരണഘടന

ഭാഗം IV എ

India

## മൗലിക കർത്തവ്യങ്ങൾ (51എ)

**താഴെ പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്-**

(എ) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയ പതാകയെയും ദേശീയ ഗാനത്തെയും ആദരിക്കുകയും ചെയ്യുക

(ബി) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയ സമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിന്തുടരുകയും ചെയ്യുക

(സി) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക

(ഡി) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക

(ഇ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിദ്ധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദ്ദവും പൊതുവായ സാഹോദര്യ മനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക

(എഫ്) നമ്മുടെ സമ്മിശ്ര സംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക

(ജി) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക

(എച്ച്) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്ക്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക

(ഐ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക

(ജെ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അദ്ധ്വാനിക്കുക

(കെ) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ രക്ഷ്യബാലകനോ അതതു സംഗതിപോലെ, മാതാപിതാക്കളോ രക്ഷകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

കേരള സർക്കാർ

നിയമ(ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ)വകുപ്പ്